**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **2358** **19.06.2013**-ൽ മറുപടിക്ക്

## **'കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ സ്പെക്ട് ഗാമ കാമറ'**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. എ.പ്രദീപ്കുമാർ | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി ) |
| എ) കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ സ്പെക്ട് ഗാമ ക്യാമറ വാങ്ങുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ; | **എ) യും (ബി) യും**<br>കോഴിക്കോട് മെഡിക്കൽ കോളേജിലെ ന്യൂക്ലിയർ മെഡിസിൻ വിഭാഗത്തിൽ എച്ച്.ഡി.എസ്. ഫണ്ട് ഉപയോഗിച്ച് ഒരു സ്പെക്ട് ഗാമ ക്യാമറ സ്ഥാപിക്കുന്നതിന് പർച്ചേസ് അനുമതി ലഭിക്കാത്തതിനാൽ കുറച്ചുകൂടി ആധുനികമായ സ്പെക്ട് സി.ടി. സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ പ്രോഗ്രാം ഫോർ പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് ക്യാൻസർ പദ്ധതിയിൽ സമർപ്പിച്ചിരുന്നു. മേൽ പദ്ധതിയിൽ സമർപ്പിക്കപ്പെട്ട റേഡിയോ തെറാപ്പി വകുപ്പിന്റെ 6 കോടി രൂപയുടെ പ്രൊപ്പോസലിൽ സ്പെക്ട് സി.ടി. ഉൾപ്പെടുത്തിയിരുന്നു. എഫ്.നമ്പർ ടി.20015/08/2012-സി.ആർ തിയ്യതി 22.02.2013 കത്തുപ്രകാരം |

| | |
|---|---|
| ബി) ഇത് വാങ്ങുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സമുണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ? | എ.ഇ.ആർ.ബി. അപ്രൂവലിനു വിധേയമായി സ്പെക്റ്റ് ഗാമാ ക്യാമറയും വെർച്വൽ സി.ടി.സ്കാൻ സിമുലേറ്ററും സ്ഥാപിക്കുന്നതിന്, കേന്ദ്ര ആരോഗ്യ മന്ത്രാലയം ശുപാർശ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ